## ഗ്രാമീൺ കൃഷി മൗസം സേവാ
## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല
### പ്രവചന കാലയളവ് 12.3.2022 മുതൽ 16.3.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 10/2022, (20) വെള്ളിയാഴ്ച്ച | തീയ്യതി 11/3/2022 |
|---|---|

1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (0.0) | (36.3-37.6) | (22.4-25.2) | (54-78) | (17-46) | (3.3-9.4) | (8.3-10.3) | (5.5-8.6) |

2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 12.3.2022 | 13.3.2022 | 14.3.2022 | 15.3.2022 | 16.3.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 38 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 23 | 25 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 58 | 58 | 58 | 58 | 58 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 45 | 45 | 45 | 45 | 45 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 270 | 270 |
| മേഘവ്യാപ്തി (ഒക്ടട) | 5 | 1 | 2 | 5 | 6 |

കാലാവസ്ഥാ അറിയിപ്പ്: **വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്.** കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 മാർച്ച് 12 | 2022 മാർച്ച് 13 | 2022 മാർച്ച് 14 | 2022 മാർച്ച് 15 | 2022 മാർച്ച് 16 |
|---|---|---|---|---|
| മഴ ഇല്ല | | | | |

3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ:വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്.**

| വിളകൾ | രോഗ കീടങ്ങൾ | | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|---|
| **നെല്ല് (പുഞ്ച )** (കതിരു വരുന്ന പരുവം) | ബ്ലാസ്റ്റ് രോഗം |  | നെല്ലിൽ കാണപ്പെടുന്ന ബ്ലാസ്റ്റ് രോഗം നിയന്ത്രിക്കുന്നതിനായി നാല് ഗ്രാം നേറ്റീവോ (ട്രൈഫ്‌ളോക്സിസ്‌ട്രോബിൻ + ടെബുകൊണാസോൾ) മിശ്രിതം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ്, കവുങ്ങ് | പരിചരണം |  | വരണ്ട അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ തെങ്ങ്, കവുങ്ങ് എന്നിവയ്ക്ക് ജലസേചനം നൽകുക. ഒരു തെങ്ങിന് 40 മുതൽ 50 ലിറ്റർ വരെയും, കവുങ്ങിന് 25 ലിറ്റർ എന്ന തോതിലും വെള്ളം നൽകുക. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ, ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങ്, കവുങ്ങ് എന്നിവയെ ശക്തമായ ചൂടിൽ നിന്നും സംരക്ഷിക്കുന്നതിനായി കുമ്മായം തടിയുടെ താഴത്തെ ഭാഗത്ത് പൂശികൊ ടുക്കുന്നത് നല്ലതാണ്. |
| പച്ചക്കറികൾ | നീരൂറ്റികുടിക്കുന്ന പ്രാണികൾ |  | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റികുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | തൊലിപ്പുറമെയുള്ള പരാധങ്ങൾക്ക് എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS, KVASU, മണ്ണുത്തി) | | |